ഖുത്ബ
25.07.08
ഹദീഖത്തുൽ മഹ്ദി, ലണ്ടൻ

# യു.കെ.ജൽസയ്ക്ക് ഇന്ന് തുടക്കം

ഇന്ന് ഇൻശാഅല്ലാഹ് വൈകുന്നേരം ഔപചാരികമായ ഉദ്ഘാടനത്തോടുകൂടി യു.കെ. ജമാഅത്തിന്റെ ജൽസ സാലാന ആരംഭിക്കുകയാണ്. അഹ്മദിയ്യാ ഖിലാഫത്തിന് നൂറുവർഷം തികയുകയും, ഈ നൂറുവർഷത്തിൽ അല്ലാഹുവിൽനിന്നുണ്ടായ അനുഗ്രഹങ്ങൾക്കും കാരുണ്യങ്ങൾക്കും സഹായങ്ങൾക്കും നന്ദി പ്രകടിപ്പിക്കുകയും ചെയ്യുന്നതിനായി ഈ ജൽസ സംഘടിപ്പിച്ചിരിക്കുന്ന കാരണത്താൽ, അത് ഒരു പ്രത്യേകമായ പ്രാധാന്യം ഉൾക്കൊള്ളുന്നതായി ത്തീർന്നിരിക്കുകയാണ്. വൃദ്ധർ, യുവാക്കൾ, സ്ത്രീകൾ തുടങ്ങി ഓരോ അഹ്മദിയുടേയും മനസ്സിൽ ഇതിന് പ്രത്യേക പ്രാധാന്യമുണ്ട്. ഈ പ്രാധാന്യത്തിന്റെ അടിസ്ഥാനത്തിൽ ഈ വർഷം ബ്രിട്ടൻ അഹ്മദിയ്യാ ജമാഅത്തിന്റെ സംഘാടകർ ബ്രിട്ടനിൽനിന്നും ബ്രിട്ടന് വെളിയിൽനിന്നും ധാരാളം അതിഥികൾ വരുമെന്നതുകൊണ്ട് തങ്ങളുടെ ഒരുക്കങ്ങൾ വിശാലമാക്കാൻ ശ്രമിച്ചിട്ടുണ്ട്. താൽക്കാലികമായി ചെയ്തിട്ടുള്ള ഇത്ര വിശാലമായ ഏർപ്പാടുകളിൽ നിസ്സാരമായ കുറവുകൾ ഉണ്ടാകാമെങ്കിലും പൊതുവെ ഏർപ്പാടുകളെല്ലാം അല്ലാഹുവിന്റെ അനുഗ്രഹത്താൽ നന്നായിരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ഇൻശാഅല്ലാഹ്. സുദീർഘമായ പരിചയം അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഉദ്യോഗസ്ഥന്മാരെ തങ്ങളുടെ പ്രവൃത്തികളിൽ വിദഗ്ദ്ധരാക്കിയിട്ടുണ്ട്. ഒരഹ്മദിയുടെ ഈമാനികാവേശവുംകൂടി ഇതിൽ ചേരുമ്പോൾ ഉദ്യോഗസ്ഥന്മാരുടെ പ്രവൃത്തിയിൽ ഉന്മാദമുണ്ടാകുന്നു. ഈ വർഷം ഞാൻ പറഞ്ഞതുപോലെ, ഖിലാഫത്ത് ജൂബിലിയുടെ ജൽസയും കൂടിയാണ് നടക്കുന്നത്. ഓരോ ഉദ്യോഗസ്ഥരിലും കുട്ടികളിലും യുവാക്കളിലും വൃദ്ധരിലും ഒരു പ്രത്യേകാവേശം കാണാം. ഈ ആവേശം ഈ വർഷം ഒരു പ്രത്യേക നിറത്തിൽ, എവിടെയൊക്കെ ജൽസ നടക്കുന്നുണ്ടോ, ഏതേതെല്ലാം രാജ്യത്ത് ഞാൻ പോയോ അവിടെയൊക്കെ കാണാൻ കഴിയുന്നു; അത് ഘാനയാവട്ടെ, നൈജിരിയായിലെ പഴയകാല ജമാഅത്തുകളുടെ ജൽസയാവട്ടെ, അല്ലെങ്കിൽ ബനിനിലെ പുതിയ ജമാഅത്തിന്റെ ജൽസ സാലാനയാവട്ടെ. അല്ലെങ്കിൽ അമേരിക്കയിലേയോ കാനഡയിലേയോ ജൽസയാവട്ടെ.

അമേരിക്കയിലെ അഹ്മദികളെക്കുറിച്ചും അല്പം പറയാൻ ആഗ്രഹിക്കുന്നു. മറ്റുള്ള സ്ഥലത്ത് കാണാൻ കഴിയുന്ന ആവേശവും ഭംഗിയും അവിടുത്തെ ജൽസയിൽ ചിലർക്ക് കാണാൻ കഴിയുന്നില്ലത്രെ! അതെന്താണെന്നറിയില്ല. എനിക്കു വരുന്ന മിക്ക കത്തുകളിലും അതിനെക്കുറിച്ച് പറഞ്ഞുകാണുന്നു. അമേരിക്കയെക്കുറിച്ച് പൊതുവെയൊരു അഭിപ്രായധാരണയുണ്ടായിട്ടുണ്ട്. അതിൽ നമ്മുടെ അഹ്മദികളും വിഭൂഷിതരായിട്ടുണ്ടാകും എന്നു കരുതുകയാവാം. കാരണം അവിടെ വളർന്ന യുവാക്കളാണ് ഭൂരിപക്ഷവും. എന്നാൽ, ഈ പൊതുവെയുള്ള ധാരണ, അവിടുത്തെ സാധാരണക്കാരെക്കുറിച്ചും തെറ്റാണ്. പൊതുവെ അവിടുത്തെ സാധാരണക്കാർ വളരെ നല്ലവരാണ്. അഹ്മദികളെ സംബന്ധിച്ചിടത്തോളം, ഞാൻ മുമ്പേയും പറഞ്ഞുകഴിഞ്ഞതാണ് അവർ ഒരു തരത്തിലും കുറഞ്ഞവരല്ല. അൽഹംദുലില്ലാഹ്. ഇതെല്ലാം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിൽ വന്നതിന്റെ ബർക്കത്താണ്. എന്തായാലും, ഇന്ന് ബ്രിട്ടനിലെ ജൽസയെക്കുറിച്ചാണ് പറയേണ്ടത്. ഞാൻ പറഞ്ഞതുപോലെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ താൽക്കാലികമായ ഒരുക്കങ്ങൾ, ഇത്ര വിശാലമായ രീതിയിൽ നിയമപരമായ എല്ലാ കാര്യങ്ങളും പാലിച്ചുകൊണ്ട് ഒരിടത്തും നടക്കുകയില്ല. അംഗസംഖ്യയുടെ അടിസ്ഥാനത്തിലും, കഴിഞ്ഞ കുറച്ചുകാലമായി നടക്കുന്ന ജൽസകളിൽ ജർമ്മനിയും ബ്രിട്ടനും സമമാണ്. ഈ വർഷം ഘാനയിലെ ജൽസ അംഗസംഖ്യയുടെ കാര്യത്തിൽ വളരെ മുന്നിലായിരുന്നു. പാക്കിസ്ഥാനെക്കുറിച്ച് ഞാൻ പറയുന്നില്ല. കാരണം അവിടെ നാമധാരികളും നീതിയും ന്യായവും, സ്വാതന്ത്ര്യത്തിന്റെ വാദമുന്നയിക്കുന്നതുമായവരുടെ ഭരണം കഴിഞ്ഞ 24 വർഷമായി ജൽസ നടത്താൻ നമ്മെ അനുവദിക്കാറില്ല. സമാധാനം കാംക്ഷിക്കുന്ന ഈ ജമാഅത്തിനെ എന്തിനവർ ഭയപ്പെടുന്നുവെന്നറിയില്ല.

ഞാൻ നിങ്ങളോട് ഇതും പറയാനാഗ്രഹിക്കുകയാണ്. ജൽസയുടെ ഈ ദിനങ്ങളിൽ പാക്കിസ്ഥാന്റെ അവസ്ഥയോർത്ത് ധാരാളം ദുആ ചെയ്യുക. ഒന്ന് പൊതുവെ രാജ്യത്തിന്റെ അവസ്ഥ നന്നാകുന്നതിനു

വേണ്ടി. ഭരണാധികാരികൾ രാജ്യത്തെ എങ്ങോട്ടാണ് കൊണ്ടുപോകുന്നതെന്നറിയില്ല. അവർ ഈ രാജ്യത്തെ എന്തു ചെയ്യാനാണ് ആഗ്രഹിക്കുന്നത്? മൗലവിമാർക്ക് ഈ വർഷം ഇലക്ഷനുണ്ടായപ്പോൾ ഭരണം കിട്ടിയില്ല; അവർ തങ്ങളുടെ സ്വഭാവമനുസരിച്ച് ഇപ്പോൾ ഈ രാജ്യത്തോടു പകരം വീട്ടുകയാണ്. ഓരോയിടത്തും കലഹമുണ്ടാക്കി രാജ്യത്തിന്റെ അടിത്തറ ഇളക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഭരണാധികാരികളും രാഷ്ട്രീയക്കാരും ഈ യാഥാർത്ഥ്യം വെളിപ്പെട്ടിട്ടും- പൊതുജനങ്ങൾ എങ്ങനെയാണ് അവരെ പിന്തള്ളിയതെന്ന് അറിഞ്ഞിട്ടും മുല്ലാമാരെ ഭയപ്പെടുന്നു. അവരുടെ നിന്ദ്യമായ പ്രവർത്തനങ്ങളെ ശക്തമായി അമർത്തുന്നതിനു പകരം, അവരുടെ കീഴിലാണെന്നപോലെ അവർക്ക് മുമ്പിൽ കുനിഞ്ഞുകൊണ്ടിരിക്കുന്നു. അല്ലാഹു നമ്മുടെ രാജ്യത്തിനുമേൽ കരുണ കാണിക്കുമാറാകട്ടെ. രണ്ടാമതായി, പാകിസ്ഥാനിലെ അഹ്മദികൾക്കുവേണ്ടിയും ദുആ ചെയ്യുക; അഹ്മദികൾക്ക് സ്വതന്ത്രമായി തങ്ങളുടെ പരിപാടികൾ നടത്താൻ കഴിയുന്നതിനും, സൗഖ്യത്തിന്റെ ശ്വാസം ശ്വസിക്കുന്നതിനും തങ്ങളുടെ ജൽസകൾ പൂർണ്ണപ്രൗഢിയോടെ നടത്താൻ കഴിയുന്നതിനും അക്രമപരമായ നിയമങ്ങൾ അവസാനിക്കുന്നതിനും വേണ്ടി ദുആ ചെയ്യുക. എങ്ങോട്ടാണ് തങ്ങൾ പൊയ്ക്കൊണ്ടിരിക്കുന്നതെന്നോ, എന്തൊന്നാണ് തങ്ങൾക്ക് സംഭവിക്കാൻ പോകുന്നതെന്നോ മനസ്സിലാക്കാത്ത ആ നേതാക്കന്മാർക്ക് അല്ലാഹുതആല ബുദ്ധി നല്കുമാറാകട്ടെ. ഈ ദിനങ്ങളിൽ പാകിസ്ഥാനിൽ നിന്ന് വന്നിട്ടുള്ള അഹ്മദികൾ പ്രത്യേകമായ നിലയിൽ പാകിസ്ഥാനികൾക്കു വേണ്ടിയും, പാകിസ്ഥാനിലെ അഹ്മദികൾക്കുവേണ്ടിയും ധാരാളം ദുആ ചെയ്യുക.

വീണ്ടും ഞാൻ യുകെയിലേക്ക് തിരിച്ചുവരികയാണ്. കഴിഞ്ഞ ഖുത്ബയിൽ ഉദ്യോഗസ്ഥന്മാരോട് അവരുടെ ചുമതലകളെക്കുറിച്ച് ഞാൻ പറഞ്ഞിരുന്നു. ഇതെന്റെ രീതിയാണ്. അതിന്റെ അർത്ഥം ഉദ്യോഗസ്ഥന്മാർ ശരിയായ നിലയിൽ പ്രവർത്തിക്കുന്നില്ല എന്നല്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മറ്റുള്ള ജമാഅത്തുകളെപ്പോലെ ഇവിടുത്തെ ഉദ്യോഗസ്ഥന്മാരും വളരെ ആവേശത്തോടെ പ്രവർത്തിക്കുന്നവരാണ്. ഇത് ഞാൻ ആദ്യം പറഞ്ഞിട്ടുള്ളതാണ്. ഇത്ര വിശാലമായ നിലയിലുള്ള താൽക്കാലിക ഒരുക്കങ്ങളും അതിനുവേണ്ടിയുള്ള തയ്യാറെടുപ്പും ഇവിടെ നടക്കുന്നത്ര അധികമായി എങ്ങും നടക്കാറില്ല. ജർമ്മനിയുടെ ജൽസ, അംഗസംഖ്യയിൽ യു.കെ. ജൽസയ്ക്ക് തുല്യമാണെങ്കിലും അവർക്ക് ഇവിടെയില്ലാത്ത ധാരാളം സൗകര്യങ്ങൾ ജൽസാഗാഹിൽ ലഭിക്കാറുണ്ട്. കഴിഞ്ഞവർഷം ഉദ്യോഗസ്ഥന്മാർക്ക് അല്ലാഹു പരിജ്ഞാനം നല്കി. അതായത് മഴ കാരണത്താൽ, പല കാര്യങ്ങളും താറുമാറായിപ്പോയിരുന്നു. എന്നാൽ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഉദ്യോഗസ്ഥന്മാർ വളരെ നല്ല നിലയിൽ ആ പ്രയാസകരമായ അവസ്ഥയിലും തങ്ങളുടെ ചുമതല നിർവ്വഹിച്ചു.

ഓരോ വകുപ്പിനും അവരുടെ പ്രവർത്തനപരിധിക്കുള്ളിൽ ബുദ്ധിമുട്ടുകളെ നേരിടേണ്ടതായിവരും; കഴിഞ്ഞവർഷം നേരിടേണ്ടിവന്നു. നല്ല കാലാവസ്ഥയായിരിക്കുമെന്നാണ് പ്രവചനം ഇപ്പോഴുള്ളത്. നല്ല കാലാവസ്ഥയായിരിക്കാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ദുആ ചെയ്തുകൊണ്ടിരിക്കുക. എല്ലാ വസ്തുക്കളുടേയും താക്കോൽ അല്ലാഹുവിന്റെ കൈയിലാണ്. അവന്റെ അനുഗ്രഹം കൂടാതെ ഒന്നും നടക്കുകയില്ല. അവനിച്ഛിച്ചാൽ ഈ കാലാവസ്ഥ നിരീക്ഷകരുടെ പ്രവചനം സത്യമായി പുലരും. മനുഷ്യന് ഒരു കണക്കുകൂട്ടലുണ്ട്. അതിനെ അടിസ്ഥാനമാക്കിയാണ് അവർ കാലാവസ്ഥയെക്കുറിച്ച് പറയുന്നത്. പക്ഷേ, ഞാൻ പറഞ്ഞതുപോലെ കഴിഞ്ഞവർഷത്തെ കാലാവസ്ഥകൊണ്ട്, ഖുദ്ദാമിന് പുതിയ പരിജ്ഞാനമുണ്ടായി എന്നതാണ് ഒരു നേട്ടം. നിർദ്ദോഷമായ റോഡിന്റെയും ഉറപ്പുള്ള മണ്ണിന്റെയും വിദഗ്ദ്ധരായിരുന്നു ഖുദ്ദാം. ഇപ്പോൾ ചളിയുടെയും വിദഗ്ദ്ധരായിത്തീർന്നിരിക്കുന്നു. ഇനി ഏതെങ്കിലും വണ്ടി ചളിയിൽ ആണ്ടുപോയാലും അനായാസം പുറത്തെടുക്കാൻ തക്കവണ്ണം അവർക്ക് പരിശീലനം സിദ്ധിച്ചിരിക്കുന്നു. വരുന്ന അതിഥികളോട് ഞാൻ പറയാനാഗ്രഹിക്കുകയാണ്, ഉദ്യോഗസ്ഥന്മാർ അല്ലാഹുവിന്റെ അനുഗ്രഹത്താൽ നല്ലവണ്ണം പ്രവർത്തിക്കുന്നു, പ്രവർത്തിക്കുന്നതുമാണ് ഇൻശാഅല്ലാഹ്. പക്ഷേ, അതിഥികൾക്കും കുറച്ച് ഉത്തരവാദിത്തമുണ്ട്. അത് പാലിക്കേണ്ടത് നിങ്ങളുടെ കടമയാണ്. ഒന്നാമതായി നിങ്ങൾ ജൽസയിൽ പങ്കെടുക്കേണ്ടത് അല്ലാഹുവിനുവേണ്ടി മാത്രമായിരിക്കണം. ഈ ഉദ്ദേശ്യം എപ്പോഴും നിങ്ങളുടെ മുമ്പിലുണ്ടാവണം. അതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം നമസ്കാരം നിർവ്വഹിക്കലാണ്. ജൽസയിൽ ഇരുന്ന് താൽപര്യമുള്ള ചില പ്രസംഗങ്ങൾ കേട്ടതുകൊണ്ട്, നിങ്ങളുടെ ഈ യാത്രോദ്ദേശ്യം പൂർത്തിയാകുകയില്ല. മറിച്ച് ഈ ദിനങ്ങളിൽ ചെയ്യപ്പെടുന്ന ആരാധനകളും നമസ്കാരങ്ങളും ജൽസയിൽ പങ്കെടുക്കുന്ന ഓരോരുത്തരുടെയും ജീവിതലക്ഷ്യത്തിന്റെ അനശ്വരമായ ഭാഗമായിത്തീരുംവിധം പരിശുദ്ധമായ മാറ്റം ഓരോരുത്തരും തങ്ങളുടെ ഉള്ളിൽ ഉണ്ടാക്കാൻ ശ്രമിക്കുക; വണക്കവും വിനയവുമടങ്ങുന്ന നമസ്കാരം അനുഷ്ഠിക്കുക. ഇതുമാത്രംപോര എല്ലാ നമസ്കാരവും നിശ്ചിത സമയങ്ങളിൽ നിർവഹിക്കാനും ശ്രദ്ധിക്കുക. എന്നല്ല, ജമാഅത്തോടുകൂടിയ നമസ്കാരമനുഷ്ഠിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക. ഇവിടെ ജൽസ നടക്കുമ്പോഴും നമസ്കരിക്കുമ്പോഴും പൊതുവെ

കടകളെല്ലാം അടച്ചിടുന്നതാണ്. അതിനാൽ അവിടങ്ങളിലേക്ക് പോകാൻ പുതിയതും പഴയതുമായ അഹ്മദികൾ ശ്രമിക്കേണ്ടതില്ല. ചിലപ്പോൾ അനാവശ്യമായി നിബന്ധനകൾ ലംഘിക്കാൻ ശ്രമിക്കാറുണ്ട്. അങ്ങനെ ഉദ്യോഗസ്ഥന്മാർക്ക് ബുദ്ധിമുട്ടുണ്ടാക്കാൻ ആരും മുതിരരുത്. ജൽസാഗാഹിൽ കൂട്ടായിട്ട് തഹജ്ജുദ് നമസ്കരിക്കാൻ സൗകര്യമുണ്ടാകും. അതിനായി ഇവിടെയാളുകൾ വരാറുണ്ട്. അതിഥികൾ താമസിക്കുന്ന മറ്റു സ്ഥലങ്ങളിലെ വീട്ടുകാരും ഇതു പ്രാവർത്തികമാക്കേണ്ടതാണ്. ഇസ്ലാമാബാദിൽ കൂട്ടായിട്ട് നമസ്കരിക്കുന്നതിനുള്ള സൗകര്യമുണ്ട്. ഇപ്രകാരംതന്നെ ബയ്ത്തുൽ ഫുതൂഹിലും. അവിടെയും തഹജ്ജുദ്, സുബ്ഹി നമസ്കാരങ്ങൾ നിർവഹിക്കാൻ ശ്രമിക്കുക. വീടുകളിലും വലിയൊരു വിഭാഗം അതിഥികൾ താമസിക്കുന്നുണ്ട്. അവരും അടുത്തുള്ള സെന്ററിൽ പോയി നമസ്കരിക്കുക. ഇവിടെനിന്ന് നേരത്തെ പോകുന്ന അതിഥികളും സെന്ററിലോ പള്ളിയിലോ പോയി മഗ്‌രിബും ഇശായും കൂട്ടിച്ചേർത്ത് നമസ്കരിക്കാൻ പരിശ്രമിക്കേണ്ടതാണ്.

നിത്യവും പോയിവരുന്ന ലണ്ടൻവാസികളും സ്വയം ഇത് പാലിക്കേണ്ടതാണ്. തങ്ങളുടെ അതിഥികളെക്കൊണ്ടും ഇങ്ങനെ ചെയ്യിക്കുക. നമസ്കാരങ്ങളിലേക്കും ആരാധനകളിലേക്കും പൂർണ്ണമായ ശ്രദ്ധയില്ലെങ്കിൽ ഈ ജൽസയുടെ വലിയൊരു ഉദ്ദേശ്യം പൂർത്തിയാക്കാത്തവരായിത്തീരും. നമസ്കാരത്തിലേക്ക് ശ്രദ്ധിക്കുകയും അത് നിറവേറ്റാൻ ശ്രമിക്കുകയും ചെയ്യുന്നില്ലെങ്കിൽ ഒരു പ്രസംഗവും ഫലം ചെയ്യുകയില്ല. ആ പ്രസംഗത്തിൽനിന്ന് വൈജ്ഞാനികമായി ലഭിക്കുന്ന ആനന്ദവും ഫലം ചെയ്യുകയില്ല.

ഇത് ഖിലാഫത്ത് ജൂബിലിയുടെ ജൽസയാണ്. വലിയൊരു വിഭാഗമാളുകൾ ഇവിടെയെത്തിയിരിക്കുന്നു. ഖിലാഫത്ത് ജൂബിലിയുടെ വർഷത്തിൽ നടക്കുന്ന ആദ്യത്തെ ജൽസയാണിത്. ഞാൻ പറഞ്ഞതുപോലെ ഈ പ്രാവശ്യം ഈ പ്രാധാന്യം മുന്നിൽ കണ്ടുകൊണ്ടാണ് അധികമാളുകളും ഇതിൽ പങ്കെടുക്കുന്നത്. അല്ലാഹു ഖിലാഫത്തിന്റെ അനുഗ്രഹത്തെക്കുറിച്ച് പറഞ്ഞത് അത് സത്യവിശ്വാസിയുടെ ഭയാവസ്ഥയെ സമാധാനത്തിലാക്കുമെന്നാണ്. തന്നെ അത്തരം ആളുകൾ ആരാധിക്കുമെന്നും അല്ലാഹു അറിയിച്ചു. അല്ലാഹുവിനെ ആരാധിക്കുകയും, അവനോട് ആരേയും പങ്കുചേർക്കാതിരിക്കുകയും ചെയ്യുന്നതുകൊണ്ടാണ് അവരുടെമേൽ ഈ അനുഗ്രഹമുണ്ടാകുന്നത്; ഖിലാഫത്തു കാരണത്താൽ അവർക്ക് ശക്തി ലഭിക്കും. അപ്പോൾ ഇക്കാര്യം അവരെ കൂടുതൽ ആരാധനാകർമ്മങ്ങൾ ചെയ്യാൻ പ്രേരിപ്പിക്കുന്നതായിരിക്കും. ഇതിനുശേഷം വന്ന വചനത്തിന്റെ പ്രാരംഭത്തിൽതന്നെ പറഞ്ഞത് ***വ അഖീമുസ്സലാത്ത്*** എന്നാണ്. ആരാധനയ്ക്കായുള്ള അടിസ്ഥാനപരമായ കാര്യവും അല്ലാഹുവിനോട് പങ്കുചേർക്കാതിരിക്കാനുള്ള ആദ്യചുവടും നമസ്കാരം നിലനിറുത്തലാണ്. നമസ്കാരം നിലനിറുത്തുക എന്നാൽ എന്താണ്? ജമാഅത്തായിട്ട് നമസ്കരിക്കുക. ഭംഗിയായ നിലയിൽ നമസ്കരിക്കുക. നിശ്ചിത സമയങ്ങളിൽ നമസ്കരിക്കുക. നമസ്കാരത്തിന്നെതിരിൽ മറ്റുള്ള എല്ലാ കാര്യങ്ങളും ഒന്നുമല്ലാ എന്ന് മനസ്സിലാക്കുക. അതിനൊന്നും ഒരു വിലയും നല്കാതിരിക്കുക. അതിനാൽ ഈ ദിനങ്ങളിൽ ഇവിടെ വന്നിട്ടുള്ള എല്ലാവരും, ജൽസയിൽ പങ്കെടുക്കുന്ന എല്ലാ അതിഥികളും തങ്ങളുടെ നമസ്കാരത്തിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. ഈ ദിനങ്ങളിൽ മാത്രമല്ല, ഈ ദിനങ്ങളിലെ നമസ്കാരശീലം എപ്പോഴും നിങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കാൻ ശ്രദ്ധിക്കുക. അതിനായി ദുആ ചെയ്യുക. ഖിലാഫത്തിന്റെ രൂപത്തിൽ അല്ലാഹു നല്കിയിരിക്കുന്ന ഈ അനുഗ്രഹങ്ങളിൽ ഭാഗഭാക്കായിക്കൊണ്ടിരിക്കാൻ അതത്യാവശ്യമാണ്. നമ്മുടെ ആരാധന ജീവസ്സുറ്റതാവുകയാണെങ്കിൽ വ്യക്തിഗതമായ നിലയിലും ഓരോ അഹ്മദിക്കും അത് ശക്തി പകരും, ജമാഅത്ത് പരമായനിലയിലും ശക്തിക്ക് കാരണമാകും. അതിനാൽ, നമ്മുടെ നമസ്കാരത്തിന്റെ സംരക്ഷണം ഈ ദിവസങ്ങളിൽ പ്രത്യേകമായും ചെയ്യുക. ഇതുതന്നെയാണ് നമ്മുടെ അടിസ്ഥാനപരമായ ഉദ്ദേശ്യം.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "അല്ലാഹുവിലേക്കുള്ള ശ്രദ്ധ നിലനില്ക്കുന്ന കാലംവരെ ഓരോ ഉമ്മത്തും നിലനില്ക്കുന്നതാണ്. ഈമാന്റെ വേരും നമസ്കാരം തന്നെയാണ്." ***വഅദല്ലാഹുല്ലദീന ആമനൂ മിൻകും*** എന്ന് അല്ലാഹു പറഞ്ഞു. അതായത് അല്ലാഹു, നിങ്ങളിൽനിന്ന് വിശ്വസിച്ചവരോട് വാഗ്ദാനം ചെയ്യുന്നു. ***ല യസ്തഖ്ലിഫന്നഹും ഫിൽ അർള്*** അവൻ അവരെ ഭൂമിയിൽ ഖലീഫമാരാക്കും. ഈ അനുഗ്രഹത്തിൽനിന്ന് ഫലമെടുക്കാൻ ഓരോ അഹ്മദിയും ഈമാനിൽ അഭിവൃദ്ധിപ്പെടാൻ ശ്രമിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ, ഈമാന്റെ വേരും നമസ്കാരം തന്നെയാണ്. ഈ വേരിനെ മുറുകെപിടിക്കാൻ ശ്രമിക്കേണ്ടതാണ്. എന്നല്ല, ആർക്കും അപായം വരുത്താൻ സാധിക്കാത്തവിധം നമ്മുടെ ഹൃദയത്തിൽ ഈ വേരിനെ നാം ആഴ്ത്തേണ്ടതാണ്. ഒരു അവസ്ഥയിലും ഈ വേരിന് ക്ഷതം പറ്റാൻ പാടില്ല. കാരണം ഇതിന് ക്ഷതമേല്ക്കുക അല്ലെങ്കിൽ നമസ്കാരത്തിൽ ബലഹീനത കാണിക്കുക എന്നതിന്റെ അർത്ഥം, ഈമാൻ ദുർബലപ്പെട്ടുകൊണ്ടിരിക്കുന്നുവെന്നാണ്. ഈമാൻ ദുർബലപ്പെടുമ്പോൾ, ഖിലാഫത്തുമായുള്ള ബന്ധവും ദുർബലപ്പെടും. അതിനാൽ ഒരു പ്രത്യേക ഉദ്ദേശ്യത്തിനായിട്ടാണ് നിങ്ങൾ ഈ ദിനങ്ങളിൽ ഇവിടെ സമ്മേളിച്ചിട്ടു

ള്ളത്. അതുകൊണ്ട് നിങ്ങളുടെ നമസ്കാരത്തെ കാത്തുസൂക്ഷിക്കുക. അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് നമസ്കാരം നമ്മെ കാത്തുസൂക്ഷിക്കുന്നതിനും നമ്മുടെ ഈമാനിൽ ഉറപ്പുണ്ടാക്കുന്നതിനും നാം അല്ലാഹുവിന്റെ സാമീപ്യം പ്രാപിച്ചുകൊണ്ട് സത്യവിശ്വാസികളോട് അവൻ വാഗ്ദാനം ചെയ്ത പാരിതോഷികത്തിന് എപ്പോഴും അനന്തരാവകാശികളാകുന്നതിനും വേണ്ടിയാണിത്.

നമസ്കാരത്തിൽ ദുആ ചെയ്യേണ്ട രീതിയും അതിന്റെ യാഥാർത്ഥ്യത്തേയും കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. "നമസ്കാരം വളരെ വിനയത്തോടും വണക്കത്തോടുംകൂടി അനുഷ്ഠിക്കേണ്ടതാണ്. ഇതിൽ മതത്തിനും ലോകത്തിനും വേണ്ടി ധാരാളം ചെയ്യണം." വീണ്ടും പറയുന്നു: ***വല്ലദീനഹും അലാ സലവാത്തിഹിം യുഹാഫിളൂൻ***. തങ്ങളുടെ നമസ്കാരത്തെ കാത്തുസൂക്ഷിക്കുന്നവരാണവർ; അവർ ഒരിക്കലും വീഴ്ച വരുത്തുകയില്ല. നമസ്കാരത്തിന്റെ യാഥാർത്ഥ്യം പഠിക്കുക എന്നതാണ് മനുഷ്യസൃഷ്ടിപ്പിന്റെ യഥാർത്ഥ ഉദ്ദേശ്യവും. എല്ലാ പ്രയാസങ്ങളും എളുപ്പമാക്കിത്തീർക്കുന്ന കാര്യം നമസ്കാരം തന്നെയാണെന്ന് ഓർമ്മിക്കേണ്ടതാണ്. എല്ലാ ബലാകളും അതുമുഖേന അകലുന്നു. സാധാരണക്കാരായവർ ചടങ്ങെന്ന നിലയിൽ നമസ്കരിക്കുന്ന നമസ്കാരമല്ല അതുകൊണ്ടുദ്ദേശിക്കുന്നത്. മറിച്ച്, മനുഷ്യമനസ്സ് അലിഞ്ഞുപോകുന്ന നമസ്കാരമാണ്. ദൈവിക സവിധത്തിൽ വീണുകൊണ്ട്, ലയിച്ചുപോകുംവിധം അത് ഉരുകാൻ തുടങ്ങുന്നു. നമസ്കാരം സംരക്ഷിക്കുന്നത് അല്ലാഹുവിന് ആവശ്യമുള്ളതുകൊണ്ടല്ലെന്ന കാര്യവും ഓർമ്മിക്കേണ്ടതാണ്. അല്ലാഹുവിന് നമ്മുടെ നമസ്കാരത്തിന്റെ ഒരാവശ്യവുമില്ല. അവൻ ലോകത്തുള്ള സകല സമ്പന്നരേക്കാളും സമ്പന്നനാണ്. അവന് ഒന്നിന്റേയും ആവശ്യമില്ല. എന്നല്ല ഇതുകൊണ്ടുദ്ദേശിക്കുന്നത് മനുഷ്യന് അത് ആവശ്യമുണ്ടെന്നാണ്. മനുഷ്യൻ സ്വയം തന്റെ ക്ഷേമം ആഗ്രഹിക്കുന്നുവെന്നത് രഹസ്യമായ ഒരു കാര്യമാണ്. അതുകൊണ്ടാണ് അവൻ അല്ലാഹുവിനോട് സഹായം തേടുന്നത്. കാരണം മനുഷ്യന് അല്ലാഹുവുമായിട്ട് ബന്ധമുണ്ടാകുക എന്നത്, യഥാർത്ഥ ക്ഷേമം കരസ്ഥമാക്കുക എന്നതാണ്. ഇത് സത്യമായ കാര്യമാണ്. അത്തരം വ്യക്തിക്ക്, ലോകം മുഴുവൻ ശത്രുവായാലും, അവനെ നശിപ്പിക്കാൻ കച്ചകെട്ടി ഇറങ്ങിയാലും ഒരു നഷ്ടവും വരുത്തുവാൻ സാധിക്കുകയില്ല. അല്ലാഹു അത്തരം വ്യക്തിക്കുവേണ്ടി, ലക്ഷക്കണക്കിന്, കോടിക്കണക്കിന് മനുഷ്യരെ നശിപ്പിക്കേണ്ടിവന്നാലും നശിപ്പിച്ചുകളയും. ഓർമ്മിക്കുക, നമസ്കാരം മുഖേന, ദുൻയാവും ദീനും ഭംഗിയുള്ളതായിത്തീരുന്നു." പറയുന്നു: "മനുഷ്യൻ നമസ്കരിക്കുന്ന കാരണത്താൽ എല്ലാവിധ ദുഷ്കർമ്മങ്ങളിൽനിന്നും ലജ്ജാകരമായ പ്രവർത്തനങ്ങളിൽനിന്നും രക്ഷപ്പെടുന്നു. എന്നാൽ, ഈ രീതിയിൽ വസ്തുതാപരമായി നമസ്കരിക്കുക എന്നത് മനുഷ്യന്റെ നിയന്ത്രണത്തിൽപ്പെട്ടതായിരിക്കുകയില്ല. അത് അല്ലാഹുവിന്റെ സഹായവും പിന്തുണയും കൂടാതെ ലഭിക്കുകയില്ല. മനുഷ്യൻ ദുആയിൽ മുഴുകാത്തിടത്തോളം ഇത്തരം വണക്കവും വിനയവും നമസ്കാരത്തിലുണ്ടാവുകയില്ല. അതുകൊണ്ട് നിങ്ങളുടെ പകലും രാത്രിയും എന്നല്ല ഒരു നിമിഷവും ദുആ കൂടാതെ ഉണ്ടാകാൻ പാടില്ല."

ഈ നാളുകൾ അല്ലാഹു വീണ്ടും നമുക്ക് നല്കിയിരിക്കുകയാണ്. അല്ലാഹുവിനോട് സഹായം ചോദിച്ചുകൊണ്ട് നിങ്ങളുടെ നമസ്കാരം ഭംഗിയുള്ളതാക്കുക. രാവും പകലും ദുആകളിൽ കഴിച്ചുകൂട്ടുക. എല്ലാത്തരം ദുഷ്ക്കർമ്മങ്ങളിൽനിന്നും ലജ്ജാകരമായ പ്രവർത്തികളിൽനിന്നും സംരക്ഷിക്കുന്ന ആ നമസ്കാരം നമുക്ക് നമസ്കരിക്കാൻ ഭാഗ്യം കിട്ടിയതിന് അല്ലാഹുവിനോട് ദുആ ചെയ്തുകൊണ്ടിരിക്കുക. അല്ലാഹുവിന്റെ തൃപ്തി ആകർഷിച്ചെടുത്തുകൊണ്ട് എപ്പോഴും അവന്റെ കാരുണ്യത്തിന്റെയും അനുഗ്രഹത്തിന്റെയും അനന്തരാവകാശികളായിക്കൊണ്ടിരിക്കാനുള്ള ദുആകൾ ചെയ്യാൻ ഈ നാളുകളിൽ തൗഫിഖ് ലഭിക്കുമാറാകട്ടെ. അല്ലാഹു നമുക്കെതിരിലുള്ളവർക്ക് ബോധവും സന്മാർഗ്ഗവും നല്കുമാറാകട്ടെ. അല്ലാഹുവിന്റെ അറിവനുസരിച്ച്, അവർക്ക് സന്മാർഗ്ഗം വിധിക്കപ്പെട്ടിട്ടില്ലെങ്കിൽ, അവരുടെ ഉപദ്രവങ്ങളിൽനിന്ന് രക്ഷപ്പെടാനുള്ള സാഹചര്യവും അവൻ നമുക്ക് എപ്പോഴും ഒരുക്കിക്കൊണ്ടിരിക്കുമാറാകട്ടെ. ഈ ദിനങ്ങളിൽ ആത്മാർത്ഥമായും നമസ്കാരത്തിലേക്കും മറ്റു ആരാധനകളിലേക്കും ശ്രദ്ധിക്കുക. കാരണം നാം ഇവിടെ സംഘടിച്ചതിന്റെ ഉദ്ദേശ്യം ഇതുതന്നെയാണ്. ജൽസയിൽ വന്നിട്ടുള്ള ഓരോ അഹ്മദിയും പ്രഥമമായി അടിസ്ഥാനപരമായ ഈ ഉദ്ദേശ്യം മുന്നിൽ കാണേണ്ടതാണ്. മറ്റൊരു കാര്യം പറയാനാഗ്രഹിക്കുന്നത്, ജൽസാ ദിനങ്ങളിൽ സലാം വ്യാപിപ്പിക്കുക എന്നതാണ്. അല്ലാഹു നല്കിയിട്ടുള്ള കല്പനകളിൽ ഇതും അടിസ്ഥാനപരമായ കല്പനയാണ്. പരസ്പരമുള്ള സ്നേഹവും സന്തോഷവും വളർത്താനുള്ള മാർഗ്ഗമാണിത്.

ആതിഥേയനിൽ അതിഥിക്ക് വലിയ അവകാശമുണ്ടെന്നത് ശരിതന്നെ. പക്ഷേ, അതിഥിക്കും ചില ഉത്തരവാദിത്തങ്ങളുണ്ട്. അഹ്സാബ് എന്ന അധ്യായത്തിൽ ഇതുസംബന്ധമായി ഒരു കല്പന വന്നിട്ടുണ്ട്; അത് നബി (സ)യുമായി ബന്ധപ്പെട്ടതാണ്. പക്ഷേ, അടിസ്ഥാനപരമായ ഒരു കല്പനയാണിത്. അതിഥി

യായിക്കൊണ്ട് ആരുടെ അടുത്തുപോയാലും അവർ ഇത് ഓർമ്മവയ്ക്കേണ്ടതാണ്. എന്നാൽ, ജൽസാസാലാനയിൽ വരുന്ന അതിഥികൾ പ്രത്യേകമായും ഇത് ഓർമ്മവയ്ക്കേണ്ടതാണ്. കാരണം ജൽസയിൽ വരുന്ന അതിഥി ഒരു പ്രത്യേക ഉദ്ദേശ്യത്തിനായിട്ടാണ് വരുന്നത്. പ്രത്യേകമായും ജമാഅത്ത് ഒരുക്കിയിട്ടുള്ള സംവിധാനങ്ങളിൽ താമസിക്കുന്ന അതിഥി ഇത് പ്രത്യേകം പാലിക്കേണ്ടതാണ്. രണ്ടാമത്തെ കാര്യം ക്ഷണിക്കാതെ അതിഥിയായി പോകരുത് എന്നതാണ്. നബി (സ)യുടെ ജീവിതമാതൃക ഇക്കാര്യത്തിൽ നമ്മുടെ മുമ്പിലുണ്ട്. ഒരിക്കൽ വിളിച്ചതിനേക്കാൾ ഒരാൾ കൂടുതൽ നബി(സ)യോടൊപ്പം പോയി. സംസാരിച്ചുകൊണ്ടയാൾ ആ വീട്ടുപടിക്കലെത്തി. നബി(സ) വീട്ടുകാരിൽനിന്ന് അയാൾക്കുവേണ്ടി അനുവാദം ചോദിച്ചു. താങ്കൾ ആഗ്രഹിക്കുന്നെങ്കിൽ എന്നോടൊപ്പം ഇയാൾ ഉള്ളിൽ പ്രവേശിക്കുന്നതാണ്, ഇല്ലെങ്കിൽ ഒരു മടിയും കൂടാതെ അയാൾ തിരിച്ചുപൊയ്ക്കൊള്ളും എന്നും പറഞ്ഞു.

അതുകൊണ്ട് വെളിയിൽനിന്ന് വരുന്നവർ ജൽസയ്ക്കുവേണ്ടി വന്നതാണെന്നത് ശരിതന്നെ, ക്ഷണിച്ചിട്ടാണ് വന്നിട്ടുള്ളത്. ക്ഷണിക്കാതെ വന്നിട്ടില്ല. പക്ഷേ, ജമാഅത്തുപരമായ ആതിഥ്യം ഒരു കൃത്യമായ അവധിവരെയാണെന്ന് മനസ്സിലാക്കേണ്ടതാണ്. ഇതിനുശേഷം വാശിപിടിച്ച് ചിലർ നില്ക്കാൻ ശ്രമിക്കുന്നു. ഇതു പിന്നീട് വിളിക്കാതെ വരുന്ന കാര്യം വിഷമം ഉണ്ടാക്കുന്നതുപോലെയായിത്തീരുന്നു. ചിലർ ദീർഘകാലത്തെ ടിക്കറ്റിന്റെ തിയതിയും കൊണ്ടാണ് വരുന്നത്. ഇവിടെ വന്നതിനുശേഷം, 'ഇനി എന്തു ചെയ്യും, നിർബന്ധിതനാണ്' എന്നു പറയുന്നു. ഈ കാലയളവിൽ ഇവിടെ ജോലിയും ചെയ്യുന്നു. നിർബന്ധിതനാണെങ്കിൽ, സമ്പാദിക്കുന്ന പണത്തിൽ നിന്ന് ചെലവഴിക്കുക. തങ്ങളുടെ ചെലവുകളെല്ലാം സ്വന്തം വഹിക്കുക. ജമാഅത്തിന് ഭാരമാകരുത്. ദീർഘകാലം താമസിക്കുന്ന കാരണത്താൽ സംഘടനാപരമായ പ്രശ്നങ്ങൾ തലപൊക്കുന്നു. കഴിഞ്ഞവർഷവും ഇതുണ്ടായി. അതിനുമുമ്പേയും ഉണ്ടായിട്ടുണ്ട്. അവരോട്സ്ഥലം ഒഴിയാൻ പറയുമ്പോൾ, പരാതിപെടുന്നു. നിയമപരമായ നിലയിൽ അത്തരക്കാർക്ക് ഇവിടെ ജോലി ചെയ്യാൻ അനുവാദമില്ല. വിസിറ്റിംഗ് വിസയിലാണ് ഇവിടെ വരുന്നത്. അതുകൊണ്ട് ചില പ്രശ്നങ്ങൾ വേറെയുമുണ്ടാകുന്നു. സർക്കാറിന് മനസ്സിലായാൽ ജമാഅത്തിനും ബുദ്ധിമുട്ടുണ്ടാകുന്നു. ചിലരെക്കുറിച്ച് അവർ അറിയാറുമുണ്ട്. അതുകൊണ്ട് ഈ രീതിയിൽ പ്രവർത്തിക്കുന്നവരോട് ഞാൻ പറയുകയാണ്, വീണ്ടും താമസിക്കണമെങ്കിൽ നിങ്ങളുടെ ഏർപ്പാടുകൾ നിങ്ങൾ സ്വയം ചെയ്യുക. ജമാഅത്തിനോട് ഒരുതരത്തിലും പരാതിപ്പെടരുത്. കാരണം ജൽസയ്ക്കുശേഷം ദീർഘകാലം താമസിക്കുന്നവർ, സമയം കഴിഞ്ഞും ഇരുന്ന് വീട്ടുകാരെ ബുദ്ധിമുട്ടിക്കുന്നവരുടെ ഗ്രൂപ്പിൽ പെട്ടവരാണ്.

പിന്നീട് അതിഥികൾ അവരെ സേവിക്കാൻ വരുന്നവർ വിവിധ ജനവിഭാഗങ്ങളിൽപ്പെട്ടവരാണെന്ന് മനസ്സിലാക്കിയിരിക്കേണ്ടതാണ്. അവർ ഉയർന്ന വിദ്യാസമ്പന്നരും, സാധാരണ വിദ്യാഭ്യാസമ്പന്നരും, വിവിധ ഉദ്യോഗങ്ങൾ വഹിക്കുന്നവരുമൊക്കെയാണ്. ഇവരെല്ലാം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളെ സേവിക്കാൻ തങ്ങളെ സമർപ്പിക്കുന്നവരാണ്. താല്പര്യത്തോടുകൂടിയാണ് സമർപ്പിക്കുന്നത്. പൊതുവെ അവർ ഏതു ജോലിയും ചെയ്യാൻ തയ്യാറായിരിക്കും. അവരോട് ഞാനും അതിഥികളെ സേവിക്കേണ്ടതിനെക്കുറിച്ചും, അവരെ ശ്രദ്ധിക്കേണ്ടതിനെക്കുറിച്ചും പറയാറുണ്ട്. അഥവാ ആരിലെങ്കിലുംനിന്ന് ഉയർച്ചയോ താഴ്ചയോ ഉണ്ടായാൽ, അതിഥിയും സഹനം കൊള്ളേണ്ടതാണ്. ജൽസയിൽ പങ്കെടുക്കുന്ന ഓരോ അതിഥിയും ഓരോ വ്യക്തിയും തങ്ങളുടെ ചുമതലയായി ഇതു മനസ്സിലാക്കുകയാണെങ്കിൽ പല പ്രശ്നങ്ങളും ഒഴിവാകുന്നതാണ്. കഴിഞ്ഞ വർഷം മഴ കാരണത്താൽ ചില കാര്യങ്ങളിൽ ബുദ്ധിമുട്ടുണ്ടായി. അതുകാരണത്താൽ, ട്രാൻസ്പോർട്ടിംഗ് കൈകാര്യകർത്താക്കളും അതിഥികളും തമ്മിൽ ചില കശപിശയുണ്ടായി. ഇപ്പോഴും ചില പരാതികൾ കിട്ടിയിട്ടുണ്ട്. ഉദാഹരണത്തിന് വഴിയിൽ വണ്ടി നിറുത്തിയിടാൻ പാടില്ല. ഭരണകൂടവും നിരോധിച്ചിരിക്കുന്നതാണിത്. അയൽവാസികൾക്കും ബുദ്ധിമുട്ടുണ്ടാകുന്നു. ചെറിയ നഗരത്തിൽ ചിലർ വഴിയിൽ വണ്ടി നിറുത്തിയിടുന്നു.അങ്ങനെ ചെയ്യുരുതെന്ന് എം.ടിഎയിലൂടെ നിരന്തരം വിളംബരം ചെയ്യുന്നുണ്ട്. ജമാഅത്തുകളെ മുൻകൂട്ടി അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നിട്ടും യൂറോപ്പിൽ നിന്നുവന്ന ചിലർ തങ്ങളുടെ വണ്ടി നിറുത്തിയിട്ട്, ടാക്സിയിൽ വരുന്നു. ഇത് തെറ്റായ പ്രവണതയാണ്. ജൽസയുടെ അനുഗ്രഹത്തിൽനിന്ന് ഫലമെടുക്കണമെന്ന ആഗ്രഹത്തോടെയാണ് വന്നിട്ടുള്ളതെങ്കിൽ നിയമങ്ങൾ പാലിക്കണം.

വെറുപ്പുണ്ടാകുമ്പോൾ ഉദ്യോഗസ്ഥരും ചിലപ്പോൾ ദ്വേഷപ്പെടാറുണ്ട്. അവരേയും മനുഷ്യരെന്ന് കണ്ടുകൊണ്ട് അവരുടെ ചെറിയചെറിയ തെറ്റുകൾ അവഗണിക്കാൻ പഠിക്കുക. ഇങ്ങനെ വെറുപ്പ് വർദ്ധിക്കുകയില്ലെന്ന് മാത്രമല്ല, അതുണ്ടാകുകയേയില്ല.

ചില സ്ത്രീകൾക്കും കുട്ടികൾക്കും പ്രമേഹരോഗികൾക്കും ചിലപ്പോൾ വിശപ്പുസഹിക്കാൻ സാധിച്ചെന്നു വരില്ല. സമയം അധികമാകുമ്പോൾ അവർക്ക്

ബുദ്ധിമുട്ടുണ്ടാകുന്നു. ദീർഘമായി വിശ്രമിരിക്കാൻ കഴിയില്ല. എന്തെങ്കിലും കാരണത്താൽ പരിപാടി നീളുകയോ അല്ലെങ്കിൽ ട്രാഫിക്ക് കാരണം എത്താൻ വൈകുകയോ ചെയ്യാം. ഇതിനെ സംബന്ധിച്ച് അതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരോട് ഞാൻ പറയുകയാണ്, കൂടുതൽ കർശനം കാണിക്കരുത്. കടകൾ ഒന്നും തുറന്നിട്ടുണ്ടാകുകയില്ല. അതിനാൽ അത്തരക്കാർക്ക് ഭക്ഷണം ഏർപ്പാട് ചെയ്യുക. അതിൽ ഒന്നും സംഭവിക്കാനില്ല. കുട്ടികൾ ഉള്ളവരും രോഗികളും ജൽസയുടെ ദിനങ്ങളിൽ തിക്കും തിരക്കും കണക്കിലെടുത്ത് തങ്ങളുടെ പോക്കറ്റുകളിലും തിന്നാൻ എന്തെങ്കിലും സൂക്ഷിക്കുക; എല്ലാത്തരം സന്നിഗ്ദ്ധ അവസ്ഥകളിൽനിന്നും രക്ഷപ്പെടാൻ ഇതുപകരിക്കും. ചിലപ്പോൾ ട്രാൻസ്പോർട്ട് കാത്തിരിക്കേണ്ടിവരും; കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് ഈ വർഷം ഏർപ്പാടുകൾ നന്നായി ചെയ്തിട്ടുണ്ട്, ഇൻശാഅല്ലാഹ്. ബുദ്ധിമുട്ടുണ്ടാകുകയില്ല എന്നത് ശരി. പക്ഷേ, ഏതെങ്കിലും സാധ്യതകളെ നിഷേധിക്കാൻ നമുക്ക് പറ്റുകയില്ല. പ്രത്യേകിച്ച് തിരിച്ചുപോകുമ്പോൾ കൂടുതൽ തിരക്കുണ്ടാകും. അപ്പോൾ ചില ബുദ്ധിമുട്ടുകൾ ഉണ്ടാകാം. സംഘാടകരും അത്തരം സന്നിഗ്ദ്ധഘട്ടത്തിലേക്ക്, എവിടെയൊക്കെ ബസ്റ്റാന്റ് ഉണ്ടാക്കിയിട്ടുണ്ടോ, യാത്രക്കാരെ എടുക്കാൻ എർപ്പാട് ചെയ്തിട്ടുണ്ടോ അവിടങ്ങളിൽ, കുറച്ച് ഭക്ഷണസാധനങ്ങൾ കരുതിവയ്ക്കുക; താമസം നേരിട്ടാൽ എന്തെങ്കിലും കഴിക്കാൻ കിട്ടുമല്ലോ. കഴിഞ്ഞവർഷം ഇത്തരം ചില പരാതികൾ കിട്ടുകയുണ്ടായി. പക്ഷേ, അതിഥികൾ എപ്പോഴും ഓർക്കേണ്ടതാണ്, ആതിഥേയർ അവർക്ക് ചെയ്യാനുള്ളത് ചെയ്യുന്നതാണ്. പക്ഷേ, നബി(സ)ന്റെ ജീവിതമാതൃകയിലൂടെ നടക്കണമെന്ന് അതിഥിയും ഓർക്കേണ്ടതാണ്. അല്ലെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) കാണിച്ച മാതൃകയിലൂടെ നാം നടക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഏതു രീതിയിലുള്ള അതിഥിയായിരുന്നു. ഇതിന്റെ ഒരു ഉദാഹരണംകൂടി കാണുക. ഒരു നിവേദനത്തിൽനിന്നാണ് ഞാനിതെടുത്തത്. ആതിഥേയൻ എന്ന നിലയിലുള്ള മാതൃക കഴിഞ്ഞ ഖുത്ബയിൽ ഞാൻ കേൾപ്പിച്ചിരുന്നു. എന്നാൽ, ആ മഹാത്മാവ് അതിഥിയായി വന്നപ്പോൾ തന്റെ കടമ എങ്ങനെയാണ് നിറവേറ്റിയത്. ഹദ്റത്ത് ശേഖ് യഅ്ഖൂബലി സാഹിബ് ഇർഫാനി(റ) പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം ക്രിസ്ത്യാനികളും തമ്മിൽ നടന്ന വാദപ്രതിവാദമാണ് ജംഗെമുഖദ്ദസ്. ആയിടെ ഒരു ദിവസം ഹദ്റത്ത് മസീഹ് മൗഊദ്(അ)നു വേണ്ടി ഭക്ഷണം എടുത്തുവയ്ക്കാനോ, ഭക്ഷണം കൊടുക്കാനോ വീട്ടുകാർ മറന്നുപോയി. ഞാൻ എന്റെ ഭാര്യയോടു പറഞ്ഞിരുന്നതാണ്, എന്നാൽ ജോലിത്തിരക്കു കാരണം അവളും മറന്നുപോയി. രാത്രിയുടെ വലിയൊരു ഭാഗം കടന്നുകഴിഞ്ഞിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരുപാട് കാത്തിരുന്നതിനുശേഷം തിരക്കിയപ്പോഴാണ്, എല്ലാവർക്കും ചിന്തയുണ്ടായത്. കടകളെല്ലാം അടച്ചുകഴിഞ്ഞിരുന്നു. ഭക്ഷണം കിട്ടാനും ഇല്ലായിരുന്നു. ഹുസൂറിനെ കാര്യം അറിയിച്ചു. ആ മഹാത്മാവ് പറഞ്ഞു ഇത്രമാത്രം പരിഭ്രമിക്കേണ്ട ആവശ്യമൊന്നുമില്ല. ഭക്ഷണം കഴിക്കാറുള്ള വിരിപ്പിൽ ചെന്ന് നോക്കുക. എന്തെങ്കിലും അവിടെ ബാക്കി കാണും. എനിക്ക് അതുമതി. അവിടെ റൊട്ടിയുടെ ചില കഷണങ്ങളാണ് ഉണ്ടായിരുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) അതുമതിയെന്ന് പറഞ്ഞുകൊണ്ട് അതിൽനിന്ന് ഒന്നുരണ്ട് കഷണമെടുത്ത് മതിയാക്കി.

ശേഖ് യഅ്ഖൂബലി സാഹിബ് പറയുന്നു: ഈ സംഭവം നിസ്സാരമാണെന്ന് പ്രത്യക്ഷത്തിൽ തോന്നാം. എന്നാൽ, ഇതിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ലാളിത്യത്തിന്റെയും അനൗപചാരികത്വത്തിന്റെയും അത്യത്ഭുതകരമായ സ്വഭാവത്തിന്റെയും ദൃഷ്ടാന്തം വ്യക്തമാണ്. ഭക്ഷണം ആ നേരത്ത് തയ്യാറാക്കാമായിരുന്നു. സന്തോഷത്തോടുകൂടി തയ്യാറാക്കിക്കൊടുക്കുകയും ചെയ്യുമായിരുന്നു. രാത്രിമുഴുവനും ഇരുന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നു വേണ്ടി ഭക്ഷണം തയ്യാറാക്കുക എന്നത് അവർക്ക് പ്രശ്നവുമല്ലായിരുന്നു. എന്നാൽ, അസമയത്ത് അവരെ ബുദ്ധിമുട്ടിക്കുന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇഷ്ടപ്പെട്ടില്ല. വിഭവസമൃദ്ധമായ ഭക്ഷണം തനിക്ക് കിട്ടിയില്ലായെന്ന് പറഞ്ഞ് ആ മഹാത്മാവ് പരാതിപ്പെട്ടില്ല. അതിന്റെ കാരണവും ആരോടും ചോദിച്ചില്ല. വിശപ്പൊട്ടു പ്രകടിപ്പിച്ചതുമില്ല. മറിച്ച് അങ്ങേയറ്റം സന്തോഷത്തോടെ മറ്റുള്ളവരുടെയെല്ലാം പരിഭ്രമം അകറ്റി." മറവിയോ സന്നിഗ്ദ്ധാവസ്ഥയോ കാരണത്താൽ ആരുടെയെങ്കിലും സൽക്കാരത്തിൽ അഥവാ കുറവ് വന്നാൽതന്നെയും ദ്വേഷപ്പെടുന്നതിനു പകരം തങ്ങൾ ഇവിടെ വന്നതിന്റെ ഉദ്ദേശ്യമെന്താണെന്ന കാര്യം മുന്നിൽ കാണേണ്ടതാണ്.

നൂറുക്കണക്കിന് ആയിരക്കണക്കിന് ദൂരം യാത്ര ചെയ്ത് ഇവിടെ വന്നിട്ട് ആ ഉദ്ദേശ്യം മുന്നിൽ കാണാതിരിക്കുകയും ആത്മീയവും വൈജ്ഞാനികവും ധാർമ്മികവുമായ അവസ്ഥ നന്നാക്കാൻ ശ്രദ്ധിക്കുകയും ചെയ്യുന്നില്ലെങ്കിൽ അത്തരക്കാർ ജൽസയുടെ ഉദ്ദേശ്യം പൂർത്തിയാക്കാൻ വന്നവരല്ല.

കഴിഞ്ഞതവണ ഞാൻ ആഫ്രിക്കയിൽ പര്യടനം നടത്തി. അതിനെക്കുറിച്ച് ഖുത്ബയിൽ പറയുകയും ചെയ്തു. ബെനിനിൽനിന്നും ഐവറികോസ്റ്റിൽനിന്നും വന്ന ചിലയാളുകൾക്ക് ചില കാരണത്താൽ ഒരുനേരത്തെ ഭക്ഷണം കിട്ടിയില്ല. അവരോട് ഖേദം

പ്രകടിപ്പിച്ചപ്പോൾ അവർ പറഞ്ഞു. 'ഖേദം പ്രകടിപ്പിക്കേണ്ട ആവശ്യമെന്ത്? ഞങ്ങൾ ഏതൊരു ഉദ്ദേശ്യത്തോടെയാണോ വന്നത് അത് ഞങ്ങൾക്ക് ലഭിച്ചു. ഖലീഫയുടെ സാന്നിദ്ധ്യത്തിൽ നടന്ന ജൽസയിൽ ഞങ്ങൾ പങ്കെടുത്തു'. ഇവരാണ് ആഫ്രിക്കയിലെ പുതിയ അഹ്മദികൾ. ഇവർ ആത്മീയലോകത്ത് വളരെ അധികം അഭിവൃദ്ധിപ്പെട്ടുകൊണ്ടുപോകുന്നു.

പിന്നീട് ചെറിയ ചെറിയ പരാതികൾ സ്ത്രീകളിൽനിന്നാണ് അധികവും ഉണ്ടാകുന്നത്. അതുകൊണ്ട് പുരുഷന്മാരായാലും സ്ത്രീകളായാലും എല്ലാ അതിഥികളും ഓർക്കുക ആതിഥേയന് ഉത്തരവാദിത്തങ്ങളും കടപ്പാടുകളും ഉണ്ടെങ്കിൽ അതിഥികൾക്കും ചില ഉത്തരാവിദത്തങ്ങൾ ഉണ്ട്. നിർബ്ബന്ധമായി ചെയ്യേണ്ട ചില കടമകളുമുണ്ട്. നബി(സ) അതിഥിക്കുള്ള അതിഥിസൽക്കാരാവകാശം മൂന്നു ദിവസമായി നിജപ്പെടുത്തിയിരിക്കുന്നു. അതിനുശേഷം ആതിഥേയൻ എന്തെങ്കിലും ചെയ്യുന്നുവെങ്കിൽ അത് അയാളുടെ ഔദാര്യമാണ്. ജൽസയിൽ അതിഥിയായി വരുന്ന അഹ്മദികളുടെ ഉദ്ദേശ്യം അതിഥി സൽക്കാരം ചെയ്യിക്കുക എന്നതായിരിക്കുകയില്ല. മറിച്ച്, അല്ലാഹുവിനോടുള്ള കടമ നിറവേറ്റേണ്ട രീതി പഠിക്കലായിരിക്കും. അവന്റെ ദാസരോടുള്ള കടമകൾ നിറവേറ്റാൻ പഠിക്കലായിരിക്കും. ഇക്കാര്യം ആദ്യമേ അറിയുന്നവരും, കടമകൾ നിറവേറ്റുന്നവരുമാണെങ്കിൽ ജൽസയുടെ അനുഗ്രഹത്തിൽനിന്ന് കൂടുതൽ പ്രകാശം അവർക്ക് ആർജ്ജിക്കാൻ കഴിയും. അതിനേക്കാളുപരി കൂട്ടായി ചെയ്യുന്ന ദുആകളിൽ ഭാഗഭാക്കായിക്കൊണ്ട് ആദ്യത്തേക്കാൾ കൂടുതൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ സ്വരുക്കൂട്ടുന്നവരായിത്തീരാനും കഴിയും.

അതുകൊണ്ട് ഈ ദിനങ്ങളിൽ നമസ്കാരത്തിലും ദുആകളിലും ശക്തി ചെലുത്തുക. ഐച്ഛിക കർമ്മങ്ങളനുഷ്ഠിക്കുന്നതിലേക്ക് പ്രത്യേകം ശ്രദ്ധിക്കുക. ജൽസയുടെ അന്തരീക്ഷത്തിലും സ്വന്തം ചുറ്റുപാടിലും സലാം പ്രചരിപ്പിക്കുക. സ്നേഹത്തിന്റെയും സന്തോഷത്തിന്റേയും സാഹോദര്യത്തിന്റേയും അന്തരീക്ഷം ഉണ്ടാക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) ജൽസയിൽ പങ്കെടുക്കുന്നവർക്കുവേണ്ടി ചെയ്തിട്ടുള്ള പ്രാർത്ഥനകളിൽ ഭാഗഭാക്കായിത്തീരാൻ അത് അത്യാവശ്യമാണ്. സോദ്ദേശ്യത്തോടെ ഇതാഗ്രഹിക്കുന്നവർക്കും അതിനായി പരിശ്രമിക്കുന്നവർക്കുമെല്ലാം എപ്പോഴും ഏതു രാജ്യത്തും നടക്കുന്ന ജൽസയിൽ പങ്കെടുക്കുന്നവർക്കും ഈ അനുഗ്രഹം അവൻ നല്കിക്കൊണ്ടിരിക്കുന്നു.

ജമാഅത്ത് വിജയിക്കുമെന്ന് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഉറപ്പു നല്കിയപ്പോൾ, ആ മഹാത്മാവിന് താൻ തന്റെ ജമാഅത്തിനുവേണ്ടി ചെയ്തിട്ടുള്ള ദുആകളും സ്വീകരിക്കുമെന്നുള്ള ഉറപ്പും ലഭിക്കുകയുണ്ടായി. യഥാർത്ഥത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ ദുആകളുടെ പിന്നിൽ നബി(സ) തിരുമേനി തന്റെ ഉമ്മത്തിലെ സത്യസന്ധനായ പ്രേമിയുടെ ജമാഅത്തിൽപെട്ട ആളുകൾക്കുവേണ്ടി ചെയ്ത ദുആയും പൂർത്തിയാവുകയാണ്. ആ ദുആകളിൽ ഭാഗഭാക്കാകുക എന്നത് നമ്മുടെ കർമ്മങ്ങളുമായി ഇപ്പോൾ ബന്ധപ്പെട്ടിരിക്കുന്നു. അല്ലാഹു നമുക്കിതിന് തൗഫീഖ് നല്കുമാറാകട്ടെ.

സംഘടനാപരമായും ചില കാര്യങ്ങൾ ഞാൻ പറയാനാഗ്രഹിക്കുകയാണ്. ഓരോരുത്തരും തങ്ങളുടെ പരിസരം വീക്ഷിച്ചുകൊണ്ടിരിക്കേണ്ടതാണ്. ജൽസയിൽ പങ്കെടുക്കുന്നവരുടെ സംഖ്യ വർദ്ധിക്കുന്നതോടൊപ്പം ഈ വർഷം പ്രത്യേകിച്ചും ചുറ്റുപാടുകളിൽ ദൃഷ്ടിപതിപ്പിക്കേണ്ടത് വളരെ അത്യാവശ്യമാണ്. അപരിചിതവും സംശയമുളവാക്കുന്നതുമായ മുഖം കാണുകയാണെങ്കിൽ ഉടൻ സംഘാടകരോട് പറയുക. ജൽസാഗാഹിലിരിക്കുമ്പോഴും പരിസരത്തെ വീക്ഷിച്ചുകൊണ്ടിരിക്കുക.

ഏതെങ്കിലും ഒരു വസ്തു ഉപേക്ഷിച്ച് ആരെങ്കിലും എഴുന്നേറ്റുപോകുകയാണെങ്കിൽ അടുത്തിരിക്കുന്നയാൾ അയാളോട് അതെടുത്തുകൊണ്ടുപോകാൻ പറയുക. ബാഗോ, പൊതിയോ, കവറോ കണ്ടാൽ ഉടനെ സംഘാടകരെ അറിയിക്കുക. സെക്യൂരിറ്റിയിലുള്ള ആളുകളും ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പ്രത്യേകിച്ച് സ്ത്രീകളുടെ പന്തലിൽ ഒരുപാട് ജാഗ്രത പാലിക്കേണ്ട ആവശ്യമുണ്ട്. ഒരു സ്ത്രീയും ജൽസാഗാഹിൽ മുഖംമൂടിയിരിക്കരുത്. അങ്ങനെ ആരെങ്കിലും ഇരിക്കുന്നത് കണ്ടാൽ സെക്യൂരിറ്റിയോ അടുത്തിരിക്കുന്നവരോ അവരുടെ മുഖം നോക്കേണ്ടതാണ്.

ശുചിത്വവും വളരെ പ്രധാനപ്പെട്ടതാണ്. പ്രോഗ്രാം നോട്ടീസിൽ നല്കിയിരിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധിച്ചുവായിക്കുക. ജനങ്ങൾ പൊതുവെ നിർദ്ദേശങ്ങൾ അവഗണിച്ചുകളയുന്നവരാണ്. വിമാനത്തിൽ സാധാരണ നാം യാത്ര ചെയ്യുമ്പോൾ അവിടെ പറയുന്ന നിർദ്ദേശങ്ങളും ഇതെപ്പോഴും തങ്ങൾ കേൾക്കുന്നതാണെന്ന് കരുതി ചിലർ അവഗണിച്ചുകളയാറുണ്ട്. പക്ഷേ, അത് ശ്രദ്ധിച്ചുകേൾക്കേണ്ടതാണ്. ഞാനെപ്പോഴും ഓരോ യാത്രയിലും അത് ശ്രദ്ധിച്ചുകേൾക്കാറുണ്ട്. എന്തെങ്കിലുമൊക്കെ പുതിയ കാര്യങ്ങൾ ശ്രദ്ധയിൽ പെടാറുമുണ്ട്. ലഭ്യമായ

കാർഡും അതിനുശേഷം വായിക്കാറുണ്ട്. ചില യാത്രക്കാർ അത് കേൾക്കാനാഗ്രഹിക്കാത്തത് തങ്ങളുടെ ആരോഗ്യനില മോശമാകേണ്ട എന്നു കരുതിയായിരിക്കും. അതുകൊണ്ട് ഭയപ്പെടുന്നതിനു പകരം നിർദ്ദേശങ്ങൾ കേട്ട് നിങ്ങൾക്കു വേണ്ടിയും നിങ്ങളുടെ സഹയാത്രികർക്കുവേണ്ടിയും പ്രാർത്ഥിക്കേണ്ടതാണ്. അത്തരം അവസ്ഥകളിൽ ഇതിന് കൂടുതൽ അവസരം ലഭിക്കാറുണ്ട്.

കഴിഞ്ഞ ദിവസം നമ്മുടെ ചില കുട്ടികൾ ഉല്ലാസത്തിനായി നദിയിൽ പോയി. അവിടെ വലിയ ഒഴുക്കുള്ള സ്ഥലമാണ്. അപായമേഖലകളിൽ നിർദ്ദേശങ്ങൾ സന്ദർശകർക്ക് നല്കാറുണ്ട്. അവർ നിർദ്ദേശം നല്കുമ്പോൾ തങ്ങളത് ശ്രദ്ധിച്ചില്ലായെന്ന് ഒരു കുട്ടി എന്നോടും പറഞ്ഞു. അവരുടെ വഞ്ചി ഒഴുക്കിൽപെട്ട് മറിഞ്ഞു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ എല്ലാവരും രക്ഷപ്പെട്ടു. പക്ഷേ ആ സമയത്ത് തങ്ങളുടെ ശ്രദ്ധയിൽപ്പെട്ട ചില നിർദ്ദേശങ്ങൾ തങ്ങൾക്ക് ഓർമ്മവന്നതായി അവർ പറയുകയുണ്ടായി.

നിർദ്ദേശങ്ങൾ നല്കുന്നത് നിങ്ങളുടെ പ്രയോജനത്തിനായിട്ടാണ്. അവസരങ്ങൾക്കനുയോജ്യമായ നിലയിലായിരിക്കും നിർദ്ദേശങ്ങൾ നല്കുന്നത്. അതുകൊണ്ട് അത് അവഗണിച്ചുകളയരുത്. കഴിഞ്ഞ 24 വർഷമായി, 50 വർഷമായി, അതല്ല നൂറുവർഷമായി ഞങ്ങൾ ഇതുകേട്ടുകൊണ്ടിരിക്കുന്നതാണെന്ന് കരുതി തള്ളിക്കളയരുത്. അങ്ങനെയാണ് അശ്രദ്ധയുണ്ടാകുന്നത്. അതിൽനിന്ന് നമുക്ക് നഷ്ടങ്ങൾ സഹിക്കേണ്ടതായി വരും.

അതിനാൽ, എവിടെനിന്ന് നിർദ്ദേശം കിട്ടിയാലും വായിക്കുകയും പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ്. അത് നിങ്ങൾ ശ്രദ്ധിച്ചുവായിച്ചുനോക്കുക. പ്രത്യേകിച്ച് സെക്യൂരിറ്റി, ശുചിത്വം, ട്രാൻസ്പോർട്ടിന്റെ ഏർപ്പാടുകൾ. പരസ്പരം സലാം ചൊല്ലുക, ജമാഅത്തായിട്ടുള്ള നമസ്കാരത്തിൽ പങ്കെടുക്കുക.

അല്ലാഹു ജൽസയിൽ പങ്കെടുക്കുന്ന എല്ലാവരേയും അവന്റെ സംരക്ഷണത്തിൽ വെക്കുമാറാകട്ടെ. എല്ലാവിധത്തിലും ഈ ജൽസ നിങ്ങൾക്ക് അനുഗ്രഹപൂർണ്ണമായിത്തീരട്ടെ. ദുആ ചെയ്യാൻ തൗഫീഖ് കിട്ടിക്കൊണ്ടിരിക്കുമാറാകട്ടെ. സംഘാടകരേയും എല്ലാരീതിയിലും സഹായിക്കാൻ ശ്രമിക്കുക. അല്ലാഹു എല്ലാവർക്കും തൗഫീഖ് നല്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 25.07.2008 at Hadeeqathul Mahdi, London

Translated by: Muhammad Ismail Aleppey
Mob: 9446656123, 9746058636 Resi: 0497 3294865
Page layout & Typeset : BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala